പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 338** 29-06-2016 ൽ മറുപടിക്ക്

## സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീ. കെ. രാജൻ**<br>**ശ്രീമതി. സി.കെ. ആശ** | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ നഷ്ടം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും സഞ്ചിത നഷ്ടം കണക്കാക്കിവരുന്നു. |
| (ബി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കുമുള്ള നഷ്ടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | |
| (സി) ഈ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകാനുള്ള കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) അനാരോഗ്യപരമായ ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം.<br>പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള |

മോശമായ പ്രവർത്തനത്തിൻെറ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം ബാങ്കുകളിൽ നിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

(ഡി) ഇത്തരം സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻ കാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുന:സംഘടിപ്പിച്ചിട്ടുണ്ട്

ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനു സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധി പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ

സംഘടിപ്പിക്കുന്നതാണ്.

വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്തുവാൻ സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുക. വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണസ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന സാങ്കേതിക സംവിധാനങ്ങളും, വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പദ്ധതികൾക്ക് രൂപം നൽകുവാനും ഉദ്ദേശിക്കുന്നു. കൂടാതെ, ആഗോളവത്ക്കരണത്തിന്റെ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യമേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ